പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6176

08.07.2014 ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാപോറ്റി | | ശ്രീ. ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നോൺ ക്രീമിലെയർ വരുമാന പരിധിയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | | 6 ലക്ഷം രൂപ. |
| (ബി) | പ്രസ്തുത തുക നിശ്ചയിച്ച് ഉത്തരവിറങ്ങിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 31.01.2014-ലെ സ.ഉ (കൈ) നമ്പർ 05/2014/പിസവിവ പ്രകാരമാണ് മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിച്ചത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പരിധിക്ക് ആനുപാതികമായി ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ആശ്രിത നിയമന പദ്ധതിയുടെ വരുമാന പരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ് - മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പിന്നോക്ക സമുദായ വികസന (എ) വകുപ്പ്

സ. ഉ ( കൈ ) നമ്പർ. 05 /2014/പിസവിവ. തീയതി, തിരുവനന്തപുരം, 31/01/2014

പരാമർശം: (1) 26/09/2009-ലെ സ.ഉ (പി) നം . 81/2009/പജപവവിവ
(2) 27/05/2013-ലെ ഓഫീസ് മെമ്മോറാണ്ടം നം. 36033/1/2013/Estt (Res).

ഉത്തരവ്

14/10/2008-ൽ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ച ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷമായി വർദ്ധിപ്പിക്കാൻ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ശുപാർശ ചെയ്തതിൻപ്രകാരം സംസ്ഥാനത്തും ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷമായി നിശ്ചയിച്ച് കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം (2) ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്ര ഗവൺമെന്റ് മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ (ഒ. ബി.സി) ക്രീമിലെയർ വരുമാന പരിധി 4.5 ലക്ഷം രൂപയിൽ നിന്നും 6 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, കേരളത്തിലെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പരാമർശം (1) പ്രകാരം നിശ്ചയിച്ച 4.5 ലക്ഷം രൂപ എന്ന ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. ആഷ തോമസ്
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.

രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ.
പൊതുപ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (06.11.2013-ലെ മന്ത്രിസഭാതീരുമാനം ഇനം നം. 3904 പ്രകാരം)
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി).
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പ്.
പട്ടിക ജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്.
പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ